DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

02-03-2020

# കാർഷികമേഖലാവാർത്തകൾ

## ഹൈടെക്ക് അടുക്കളതോട്ട നിർമ്മാണവും പരിപാലനവും – ഏകദിന പരിശീലനപരിപാടി.

ഇൻസ്ട്രക്ഷണൽ ഫാം വെള്ളാനിക്കരയിലെ ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിംങ് യൂണിറ്റിൽ വച്ച് മാർച്ച് മാസം 6 –ാം തീയ്യതി നടത്തുന്ന ഒരു ദിവസത്തെ പരിശീലന പരിപാടിയിൽ കാൽ സെന്റിലും അര സെന്റിലും നിർമ്മിച്ചിട്ടുള്ള ഹൈടെക്ക് അടുക്കളതോട്ടത്തിന്റെ നിർമ്മാണവും പരിപാലനവും, 40 ചെടികൾ വരെ നടാവുന്ന മൾട്ടിടയർ ഗ്രോബാഗ് സെറ്റിങ്ങ്, പോട്ടിങ്ങ് മിശ്രിതം ഉണ്ടാക്കുക, വിത്ത് പരിപാലനം, ഹൈടെക്ക് രീതിയിൽ നഴ്സറിചെടികൾ ഉണ്ടാക്കുന്ന വിധം, വളപ്രയോഗം, ഒരുവീട്ടിലേക്കാവശ്യമായ ചെടികൾ തിരഞ്ഞെടുക്കൽ, രോഗകീടനിയന്ത്രണം, മണ്ണുപരിപാലനം, വിവിധവിളകളുടെ പരിപാലനം, ജൈവവളങ്ങളുടേയും കീടനാശിനികളുടേയും നിർമ്മാണം എന്നീ വിഷയ ങ്ങളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **7025498850** എന്ന നമ്പറിൽ **രാവിലെ 10.00 മുതൽ വൈകിട്ട് 4.00 മണി വരെ** മാത്രം ബന്ധപ്പെടുക.

# തെങ്ങ് കയറ്റക്കാർക്ക് ഇൻഷൂറൻസ് പരിരക്ഷ

നാളികേര വികസന ബോർഡിന്റെ കേര സുരക്ഷ ഇൻഷൂറൻസ് പദ്ധതി പ്രകാരം തെങ്ങുകയറ്റക്കാർക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പാക്കാം. കേരസുരക്ഷ ഇൻഷൂറൻസ് പദ്ധതിയിൻ കീഴിൽ അപേക്ഷിക്കുന്ന തെങ്ങുകയറ്റ തൊഴിലാളികൾക്ക് രുലക്ഷം രൂപയുടെ ഇൻഷൂറൻസ് പരിരക്ഷയാണ് നൽകുന്നത്. ഓറിയന്റൽ ഇൻഷൂറൻസ് കമ്പനിയുമായി സഹകരിച്ചാണ് ബോർഡ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നാളികേര വികസന ബോർഡിന്റെ ചങ്ങാതിക്കൂട്ടം പരിശീലനമോ നീര ടെക്നീഷ്യൻ പരിശീലനമോ വിജയകരമായി പൂർത്തിയാക്കിയവർക്ക് ആദ്യവർഷം ഇൻഷൂറൻസ് തികച്ചും സൗജന്യമാണ്. അവരുടെ ഒരു വർഷത്തേക്കുള്ള പ്രീമിയം തുക മുഴുവൻ ബോർഡ് തന്നെ വഹിക്കും. ഇൻഷൂറൻസ് കാലാവധി ഒരു വർഷമാണ്. കാലാവധിക്കു ശേഷം ഗുണഭോക്താവിന്റെ വിഹിതമായ 28 രൂപ നൽകി പോളിസി പുതുക്കാവുന്നതാണ്. പരമ്പരാഗതമായി തെങ്ങുകയറ്റം തൊഴിലായി ചെയ്യുന്ന അറുപത്തിയഞ്ച് വയസ്സിൽ താഴെയുള്ള തെങ്ങുകയറ്റ തൊഴിലാളികൾക്കും 28 രൂപ മുടക്കി പദ്ധതിയിൽ ഗുണഭോക്താവാകാം. നാളികേര വികസന ബോർഡിന്റെ പേരിൽ എറണാകുളത്ത് മാറാവുന്ന 28 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേരഭവൻ, എസ്.ആർ.വി റോഡ്, കൊച്ചി -682011 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷാ ഫോമിനും, ക്ലെയിം ഫോമിനും പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും ബോർഡിന്റെ 'www.coconutboard.gov.in' എന്ന വെബ്ബ് സൈറ്റ് സന്ദർശിക്കുകയോ 0484 – 2377266 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യേതാണ്.

**ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു.**

സംസ്ഥാന ജൈവൈവിധ്യ ബോർഡ് ഏർപ്പെടുത്തിയ ജൈവവൈവിധ്യ പുരസ്കാരങ്ങൾക്കുളള അപേക്ഷ ക്ഷണിച്ചു. ജൈവവൈവിധ്യ സംരക്ഷകൻ, നാടൻ സസ്യ ഇനങ്ങളുടെ സംരക്ഷകൻ, നാടൻ വളർത്തുപക്ഷി-മൃഗാദികളുടെ സംരക്ഷകൻ, ഹരിത പത്രപ്രവർത്തകൻ, ഹരിത ഇലക്ട്രോണിക് മാധ്യമ പ്രവർത്തകൻ, മികച്ച ജൈവവൈവിധ്യ പരിപാലന സമിതി, ഹരിത വിദ്യാലയം ജൈവവൈവിധ്യ സ്കൂൾ ഹരിത കോളേജ് അഥവാ വൈവൈവിധ്യ കോളേജ്, ഹരിത സ്ഥാപനം അഥവാ ജൈവവൈവിധ്യ സംരക്ഷണ സ്ഥാപനം, ജൈവവൈവിധ്യ മേഖലയിലെ മികച്ച സന്നദ്ധ സംഘടന അഥവാ  ജൈവവൈവിധ്യ മികച്ച ജൈവവൈവിധ്യ സ്ഥാപനം എന്നീ 13 വിഭാഗങ്ങളിലാണ് അപേക്ഷ ക്ഷണിച്ചിട്ടുളളത്. 2019 ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെയുളള കാലയളവിലെ ജൈവവൈവിധ്യ സംരക്ഷണ പ്രവർത്തനങ്ങൾക്കാണ് മുൻഗണന നൽകുക. അപേക്ഷകൾ മാർച്ച് 10 ന് മുൻപ് സമർപ്പിക്കണം. അപേക്ഷഫോമിനും വിശദവിവരങ്ങൾക്കും www.keralabiodiversity.org എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

**കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ് പരിപാടി**

ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് ഒന്നാം ഘട്ട കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ  മാർച്ച് 23 വരെ നടത്തുന്നു. പശു, എരുമ എന്നീ മൃഗങ്ങൾക്ക് കുത്തിവയ്പ്

സൗജന്യമായി എല്ലാ ജില്ലകളിലും നടത്തുന്നു. കർഷകർ ഈ അവസരം പരമാവധി പ്രയോജനപ്പെടുത്തുന്നതിനും മേൽപ്പറഞ്ഞ ഉരുക്കളെ കുളമ്പുരോഗത്തിൽ നിന്നും സംരക്ഷിക്കുന്നതിനും ഈ പദ്ധതി വിജയകരമാക്കുന്നതിനും സഹകരിക്കണമെന്ന് സംസ്ഥാന ജന്തുരോഗ നിയന്ത്രണ പദ്ധതി, പ്രോജക്ട് കോർഡിനേറ്റർ അറിയിക്കുന്നു.